3. The Kerala Association for Non-formal Education and Development (KANFED), a voluntary agency working in the field of Non-formal Education has expressed their willingness to undertake the responsibility for running the State Resources Centre and to abide by the following conditions:

ശ്രീ. എ. പി. കുര്യൻ: ഗവൺമെൻറ് ഇതുവരെ നോമിനികളെ വയ്ക്കാത്തത് അഴിമതിക്കാരനായ പി. എൻ. പണിക്കർക്കും കൂട്ടർക്കും ഇഷ്ടംപോലെ സംഖ്യ ധൂർത്തടിക്കാൻ വേണ്ടിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റിസോഴ്സസ് സെൻറർ അന്നു നോൺ ഫോർമൽ എഡ്യൂക്കേഷനുവേണ്ടി ഡവലപ്പുമെൻറ് ഡിപ്പാർട്ടുമെൻറ് കൊണ്ടുവന്നതാണ്. അതു മാറണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന വേറെ സംഘടനകളുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്ത് ഇങ്ങനെ പല സംഘടനകളുമുണ്ട്. ആ സംഘടനകൾക്കെല്ലാം പ്രാതിനിധ്യം നൽകിക്കൊണ്ട് പുതിയ റിസോഴ്സ് സെൻറർ ഉണ്ടാക്കണമെന്നു കേരളാ ഗവൺമെൻറ് തീരുമാനിച്ചു കേന്ദ്രഗവൺമെൻറിന്റെ അംഗീകാരത്തിനു അയച്ചിട്ടുണ്ട്.

അടിസ്ഥാന ഭൂനികുതിയിൽ നിന്നുള്ള വരുമാനം

*758 [825] ശ്രീ. ഇ. നാരായണൻ നായർ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
,, കെ. രാഘവൻമാസ്റ്റർ:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഭൂനികുതിയിൽനിന്നുള്ള വരുമാനം സംസ്ഥാന ഗവൺമെൻറ് പഞ്ചായത്തുകൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്നാണ് തീരുമാനിച്ചത്;

(സി) ഇതുപ്രകാരം ഒട്ടാകെ എത്ര സംഖ്യയാണ് ഗവൺമെൻറ് പഞ്ചായത്തുകൾക്ക് നൽകേണ്ടതായി വരുന്നത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. നാരായണൻ നായർ: ബേസിക് ടാക്സ് ഇനത്തിൽ എത്ര സംഖ്യ വരുമാനമുണ്ടെന്നു പറയാമോ?

ശ്രീ. ബേബിജോൺ: രണ്ടുകോടി ഉറുപ്പികയോളം ഉണ്ടെന്നാണ് എന്റെ ഓർമ്മ. കൃത്യമായ വിവരമില്ല, വിവരം ശേഖരിച്ചുവരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: രണ്ടുകോടി രൂപ മാത്രമേയുള്ളു എങ്കിൽ ഒരുസെൻറിന് 2 പൈസവീതം പിരിച്ചെടുക്കുന്നതിനുള്ള ചെലവുതന്നെ റവന്യൂ ഡിപ്പാർട്ടുമെൻറിന് കൂടുതൽ വരുന്നില്ലേ? അതുകൊണ്ട് ഇത് പഞ്ചായത്തുകളെ ഏൽപ്പിക്കുകയല്ലേ നല്ലത്?

ശ്രീ. ബേബിജോൺ: റവന്യൂ ഡിപ്പാർട്ടുമെൻറ് ഇതുമാത്രമല്ല ചെയ്യുന്നത്. മറ്റു ജോലികളും ഉണ്ട്. അതിൻറെ കൂടെ ഇതുംകൂടി നടക്കുന്നുണ്ടെന്നേ മാത്രമേയുള്ളു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഇവിടെ പാസ്സാക്കിക്കഴിഞ്ഞിരിക്കുന്ന ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ലനുസരിച്ച് അടിസ്ഥാനനികുതി പിരിക്കാനുള്ള അവകാശം പഞ്ചായത്തുകൾക്ക് കൊടുക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ആ തീരുമാനം നടപ്പാക്കുന്നതിനുമുൻപുതന്നെ പഞ്ചായത്തിൻറെ ഇപ്പോഴത്തെ വൈഷമ്യം പരിഗണിച്ച് അവർക്ക് ഈ അടിസ്ഥാന നികുതി പിരിച്ചെടുക്കുന്നതിന് അനുവാദം കൊടുക്കുമോ?

ശ്രീ. ബേബിജോൺ: നിയമം നടപ്പിലാക്കുന്ന അവസരത്തിലേ കൊടുക്കാൻ നിവൃത്തിയുള്ളു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കൂടുതൽ വൈഷമ്യം അനുഭവിക്കുന്ന പഞ്ചായത്തുകൾക്ക് സബ് രജിസ്ട്രാർ കച്ചേരിയിൽ ആധാരം രജിസ്റ്റർ ചെയ്യുന്ന പണം കൊടുക്കാത്തതുകൊണ്ട് വളരെയധികം വിഷമം ഉണ്ട്. അങ്ങനെ ഡ്യൂട്ടി ഓൺ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടിയും മെയിൻറനൻസ് ഗ്രാൻറും എല്ലാം ശരിക്ക് കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: പ്രത്യേകം ചോദ്യം വേണം.

ശ്രീ. കെ. സി. വാമദേവൻ: അടിസ്ഥാന ഭൂനികുതി ഒരു ഹെക്ടറിന് എത്ര തുകയാണ് ഇപ്പോഴും ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ബേബിജോൺ: ഒരേക്കറിന് രണ്ടു രൂപയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രി ബേസിക് ടാക്സിൽനിന്നുള്ള വരുമാനം പഞ്ചായത്തുകൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പറഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കിയത്.

ശ്രീ. ബേബിജോൺ: ഇപ്പോഴും തീരുമാനം എടുത്തിട്ടില്ലെന്നേ പറഞ്ഞുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ തീരുമാനം കഴിഞ്ഞ ഏപ്രിലിനു മുമ്പുതന്നെ എടുക്കുകയും കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സെക്ഷൻ 67 അനുസരിച്ച് ഈ ബേസിക് ടാക്സ് കളക്ഷൻ മുഴുവൻ പഞ്ചായത്തുകൾക്ക് കൊടുത്തുകൊണ്ട് നോട്ടിഫിക്കേഷൻ റവന്യൂ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിക്കുകയും ചെയ്തു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. ബേബിജോൺ: എനിക്കറിയാവുന്ന മറുപടിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. ബി. ആർ. പിള്ള: അടിസ്ഥാന ഭൂനികുതിയിൽനിന്നും അഞ്ചും എട്ടും പത്തും സെന്റുള്ള ആളുകളെ ഒഴിവാക്കാമോ; ഇത്രയേക്കർ സ്ഥലത്തിനുമുകളിലുള്ള ആളുകളിൽനിന്നുമാത്രമേ പിരിക്കുകയുള്ളു എന്ന് നിശ്ചയിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഇല്ല, അങ്ങനെയില്ല. ഭൂമി ആരുടെ കൈവശമുണ്ടോ അവരിൽനിന്നെല്ലാം അടിസ്ഥാന നികുതി പിരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മന്ത്രിതന്നെ ഓർഡർ പുറപ്പെടുവിച്ച് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തതിനുശേഷം അങ്ങനെ ഇല്ലെന്നു പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതു ശരിയാണോ സർ?

(ഉത്തരം പറഞ്ഞില്ല.)

സാംസ്കാരിക വകുപ്പു രൂപീകരണം

*759 [826] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കലാ-സാംസ്കാരിക കാര്യങ്ങൾക്ക് സാംസ്കാരികവകുപ്പ് പ്രത്യേകം രൂപീകരിക്കുവാൻ നാളിതുവരെയായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് എടുത്തത്;

(ബി) ഈ വകുപ്പ് രൂപീകരിക്കുവാൻ മുൻ മന്ത്രിമാർ പല തവണ പറഞ്ഞിട്ടും എന്തുകൊണ്ടാണ് രൂപീകരണം വൈകിപ്പോകുന്നത്?

ധനകാര്യവകുപ്പുമന്ത്രി ശ്രീ. എസ്. വരദരാജൻ നായർ: (എ, ബി) 1965-ൽ നിയമിക്കപ്പെട്ട വെള്ളോടിക്കമ്മീഷൻ ഒരു സാംസ്കാരിക വകുപ്പ് പുതുതായി രൂപീകരിക്കണമെന്ന് ശുപാർശചെയ്തു. ഈ ശുപാർശ പരിശോധിച്ചതിനുശേഷം ഇപ്രകാരമൊരു ഡിപ്പാർട്ടുമെന്റ് രൂപീകരിക്കാൻ ചില നടപടികളെടുക്കുകയും ചെയ്തു. എന്നാൽ ഈ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇപ്പോഴും ഈ കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly